ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബഹുമാനപ്പെട്ട അംഗം ശ്രീ. പി.സി. ജോർജ് ഇവിടെ വിശദീകരിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ തങ്കപ്പന്റെ മകൻ 22 വയസ്സുള്ള പ്രശാന്ത് എന്ന ആളാണ് മരണപ്പെട്ടത്. പ്രശാന്തിന്റെ അനുജൻ പ്രസാദ് തിടനാട് പോലീസ് സ്റ്റേഷനിൽ എത്തി മൊഴി കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ക്രിമിനൽ നടപടി നിയമം 174-ാം വകുപ്പുപ്രകാരം ക്രൈം 325/2010-ആയി കേസ് രജിസ്റ്റർ ചെയ്തത്. തുടർന്ന് തിടനാട് എസ്.ഐ. ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നാട്ടുകാരുടേയും പൊതുപ്രവർത്തകരുടേയും മറ്റും സാന്നിദ്ധ്യത്തിൽ പ്രേതവിചാരണ നടത്തി മൃതദേഹം കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കി. അന്വേഷണ ഉദ്യോഗസ്ഥൻ ഇരുപത്തിയാറോളം സാക്ഷികളെ കണ്ട് ചോദിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം due to head injury എന്നു രേഖപ്പെടുത്തിയതായിട്ടാണ് റിപ്പോർട്ടിലുള്ളത്. പ്രശാന്തിന്റെ മൃതദേഹത്തിൽ വിവിധതരത്തിലുള്ള ഉരസലുകളുണ്ടായിരുന്നു എന്നുള്ള റിപ്പോർട്ടുണ്ട്. ഒന്നര മീറ്ററോളം ഉയരമുള്ള ഒരു പാറയ്ക്കുസമീപം മുൾച്ചെടികളും കാട്ടുചെടികളും വളർന്നുനിന്നിരുന്ന പ്രദേശത്താണ് മൃതദേഹം കാണപ്പെട്ടത്. പ്രശാന്തിന്റെ മരണത്തിൽ സംശയമുണ്ടെന്ന് കാണിച്ച് പ്രശാന്തിന്റെ മാതാവ് 2-2-2011-ന് ജില്ലാ പോലീസ് സൂപ്രണ്ടിന് ഒരു പരാതി നൽകിയിട്ടുണ്ട്. ഈ പരാതി സംബന്ധിച്ച് കോട്ടയം നാർക്കോട്ടിക് സെല്ലിലുള്ള ഒരു ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. പ്രശാന്തിന്റെ മാതാവിന്റെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് അന്വേഷണം ഈരാറ്റുപേട്ട സി.ഐ. ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജും ഇതുസംബന്ധിച്ച് അദ്ദേഹത്തിന് കിട്ടിയ നിവേദനം എനിക്ക് അയച്ചുതന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് പരിശോധിക്കണമെന്ന് നിർദ്ദേശം കൊടുക്കുന്നതാണ്. അതിന്റെ മേൽനോട്ടം വഹിക്കാൻ കോട്ടയം എസ്.പി.-യെയും ചുമതലപ്പെടുത്തുന്നതാണ്.

6. ശശീന്ദ്രന്റെ ദുരൂഹമരണം

ശ്രീ. എം. ചന്ദ്രൻ : സർ, മലബാർ സിമന്റ്സിലെ സെക്രട്ടറിയായിരുന്ന വി. ശശീന്ദ്രനേയും മക്കളായ പത്തും അഞ്ചും വയസ്സുള്ള വിവേക്, വ്യാസ് എന്നിവരേയും കഴിഞ്ഞ ജനുവരി 24-ന് രാത്രി 9.00 മണിയോടെ പുതുശ്ശേരി, കുരുടിക്കാട്ട് വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയുണ്ടായി. പാലക്കാട് ജില്ലയിലെ ജനങ്ങളെ മുഴുവൻ നടുക്കിയ ഒരു സംഭവമായിരുന്നു ശശീന്ദ്രന്റേയും മക്കളുടേയും ദാരുണ മരണം. ശശീന്ദ്രനും മക്കളും ആത്മഹത്യ ചെയ്തതാണെന്നുള്ളതായിരുന്നു ലോക്കൽ പോലീസിന്റെ പ്രാരംഭ നിഗമനം. മലബാർ സിമിന്റ്സിലെ അഴിമതിക്കേസ്സുകളിൽ പ്രതിയായ വി.എൻ. രാധാകൃഷ്ണൻ ശശീന്ദ്രനെ കുടുംബത്തോടെ ആത്മഹത്യ ചെയ്യിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നതായി ശശീന്ദ്രന്റെ ഭാര്യ പോലീസിന് മൊഴി നൽകുകയും പത്രക്കാരോട്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയും ചെയ്തു. ശശീന്ദ്രന്റെമരണം ആത്മഹത്യയല്ലെന്നും കൊലപാതക മാണെന്നും ബന്ധുക്കൾ പത്രസമ്മേളനം നടത്തി പറയുകയുണ്ടായി. ഇപ്പോൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കോടതിയിലും എത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്തണം. ജനുവരി 24-ന് ശേഷം ദിവസേന എല്ലാ പത്രങ്ങളിലും ഇതുമായി ബന്ധപ്പെട്ട് പലവിധ വാർത്തകളും പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. ഈ വാർത്തകൾ ശശീന്ദ്രന്റെ മരണം സംബന്ധിച്ച് പലവിധ ദുരൂഹതകളും ജനങ്ങൾക്കിടയിൽ വളർത്തിയിട്ടുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിന്റെ നിജസ്ഥിതി അന്വേഷിച്ച് കണ്ടെത്തണമെന്നും അതോടൊപ്പം ഈ സംഭവവുമായി ബന്ധപ്പെട്ട് ആത്മഹത്യാപ്രേരണ, ഭീഷണിപ്പെടുത്തൽ എന്നീ കുറ്റങ്ങൾ ചുമത്തി കോൺട്രാക്ടർ ശ്രീ. വി. എൻ. രാധാകൃഷ്ണൻ, മലബാർ സിമിന്റ്സിലെ ഇപ്പോഴത്തെ എം.ഡി. ശ്രീ. എം. സുന്ദരമൂർത്തി, പേഴ്സണൽ സെക്രട്ടറി പി. സൂര്യനാരായണൻ എന്നിവർക്കെതിരെ കസ്ബ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കസബ പോലീസ് കേസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കമ്പനിയുടെ എം.ഡി. ശ്രീ. എം. സുന്ദരമൂർത്തിയേയും പേഴ്സണൽ സെക്രട്ടറി ശ്രീ. പി. സൂര്യനാരായണനേയും കമ്പനിയിൽനിന്ന് പുറത്താക്കണമെന്നും ബഹുമാന്യരായ ആഭ്യന്തര വകുപ്പുമന്ത്രിയോടും വ്യവസായ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, പാലക്കാട് കസബ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പുതുശ്ശേരി, കുരുടിക്കാട് ജവഹർ കോളനിയിൽ താമസക്കാരനും മലബാർ സിമന്റ്സ് കമ്പനിയിലെ മുൻ കമ്പനി സെക്രട്ടറിയുമായ വി. ശശീന്ദ്രനേയും 45 വയസ്സ്, പത്തുവയസ്സുള്ള വിവേക്, എട്ട് വയസ്സുള്ള വ്യാസ്, എന്നീ രണ്ട് ആൺ മക്കളേയും അവർ താമസിച്ചുവന്ന ജവഹർ കോളനിയിലെ വീട്ടിൽ കെട്ടിത്തൂങ്ങി മരിച്ചനിലയിൽ 24-1-2011-ന് രാത്രി 8.45 മണിയോടുകൂടി കാണപ്പെട്ടു. ഇക്കാര്യത്തിൽ ശശീന്ദ്രന്റെ സഹോദരനായ ശ്രീ. രവീന്ദ്രന്റെ പരാതിപ്രകാരം കസബാ പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാനിയമപ്രകാരം 302, ക്രിമിനൽ നടപടി നിയമം 174 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 35/2011 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. കസബ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ ഇൻക്വസ്റ്റ് പൂർത്തി യാക്കിയശേഷം മൂന്ന് മൃതദേഹങ്ങളും പാലക്കാട് ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കുകയുണ്ടായി. ഈ കേസ്സിന്റെ പ്രാഥമികാന്വേഷണം കസബ പോലീസ് സർക്കിൾ ഇൻസ്പെക്ടർ നടത്തുകയും തുടർന്ന് 26-1-2011-ന് നാല് മണി മുതൽ പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ഉത്തരവുപ്രകാരം പാലക്കാട് ഡി.സി.ആർ.ബി. ഡി.വൈ.എസ്.പി. ഈ കേസ്സിന്റെ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഫിംഗർ പ്രിന്റ് ബ്യൂറോ ഫോറൻസിക് സയൻസ് തുടങ്ങിയ വിഭാഗങ്ങളെക്കൊണ്ടും പരിശോധിപ്പിച്ച് തെളിവെടുപ്പ് നടത്തുകയും പോലീസ് നായയുടെ സേവനം ഉപയോഗപ്പെടുത്തുകയും തൊണ്ണൂറ്റിയഞ്ചോളം സാക്ഷി കളിൽനിന്നും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശശീന്ദ്രന്റേയും

LIBRARY ARCHIVES Kerala Legislative Assembly

മക്കളുടേയും മരണവുമായി ബന്ധപ്പെട്ട് ശശീന്ദ്രന്റെ ഭാര്യയായ ശ്രീമതി ബി. ടീനയുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ശശീന്ദ്രൻ മലബാർ സിമന്റ്സ് കമ്പനിയിൽ കമ്പനി സെക്രട്ടറി സ്ഥാനം വഹിച്ചുവരവേ 2010 ഒക്ടോബർ മാസം നാലാം തീയതി ആ സ്ഥാനം രാജിവച്ച് പിരിഞ്ഞുവെന്നും അതിനുള്ള കാരണം കമ്പനിയിലെ മേലുദ്യോഗസ്ഥരിൽനിന്നുണ്ടായിട്ടുള്ള പലവിധ മാനസിക പീഡനങ്ങളാണെന്നും അദ്ദേഹത്തിന് കുടുംബത്തോടെ ആത്മഹത്യ ചെയ്യേണ്ടി വരുമെന്ന് രണ്ടുപ്രാവശ്യം വീട്ടിൽ ഫോണിൽ വിളിച്ച് മേലുദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തിയെന്ന് ശശീന്ദ്രൻ തന്നോട് പറഞ്ഞുവെന്നും ടീന മൊഴിയിൽ പറഞ്ഞിട്ടുണ്ട്. ഈ മൊഴിയുടെ അടിസ്ഥാനത്തിൽ മലബാർ സിമന്റ്സ് കമ്പനി മാനേജിംഗ് ഡയറക്ടർ കമ്പനിയിലെ പേഴ്സണൽ സെക്രട്ടറി ശ്രീ. പി. സൂര്യനാരായണൻ, കോൺട്രാക്ടർ ശ്രീ. വിഎൻ. രാധാകൃഷ്ണൻ എന്നിവരെ പ്രതിയാക്കി ഇൻഡ്യൻ ശിക്ഷാ നിയമം 506/1, 306, 34, എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 40/2011 ആയി കസബാ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരുകേസ്സുകളും പാലക്കാട് ഡി.സി.ആർ.ബി. ഡിവൈഎസ്പി-യുടെ നേതൃത്വത്തിലാണ് ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് പല തരത്തിലുള്ള വിവാദങ്ങളും പ്രശ്നങ്ങളും ഉയർന്നുവന്ന സാഹചര്യത്തിൽ ഈ കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതാണ്.

7. ബി.എ. മലയാളം കോഴ്സ് ആരംഭിക്കാൻ നടപടി

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വികസനപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് കാസർഗോഡ് ജില്ല. 1957-ലാണ് കാസർഗോഡ് ഗവൺമെന്റ് കോളേജ് നിലവിൽ വന്നത്. സംസ്ഥാനത്ത് മലയാളം സാർവ്വത്രികമായി പഠിക്കാനുള്ള സൗകര്യമുണ്ടാക്കേണ്ടത് നിർബന്ധമാണെന്നുള്ള കാര്യത്തിൽ സർക്കാർ ചില തീരുമാനങ്ങളെടുത്തിരുന്നുവെങ്കിലും 1957-ന് ശേഷം പല ഗവൺമെന്റുകൾ നിലവിൽ വന്നുവെങ്കിലും ഇന്നുവരെ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി.എ. മലയാളം കോഴ്സ് അനുവദിക്കപ്പെട്ടിട്ടില്ല. ഈ സഭയിലും മാറിമാറിവന്ന ഗവൺമെന്റുകളുടെ മുമ്പിൽ ശക്തമായി ഇക്കാര്യം ഉന്നയിക്കുകയും അതുപോലെതന്നെ ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്നുവരെ അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഭാഷാ ന്യൂനപക്ഷങ്ങളും അതുപോലെതന്നെ മറ്റ് പിന്നോക്ക വിഭാഗങ്ങളും പഠിക്കുന്ന ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു കോളേജ് എന്ന നിലയിൽ ഒരു പ്രത്യേക പരിഗണന വച്ച് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി എത്രയും പെട്ടെന്ന് ഈ വർഷംതന്നെ പ്രസ്തുത കോളേജിൽ ബി. എ. മലയാളം കോഴ്സ് അനുവദിക്കാനും അതുപോലെതന്നെ മറ്റ് കോഴ്സുകൾ ആരംഭിക്കാനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly